പത്രക്കുറിപ്പ് 06.04.2017

# ട്രിവാൻഡ്രം സൈക്ലത്തോൺ ശനിയാഴ്ച, രാവിലെ നഗരത്തിൽ ഗതാഗത നിയന്ത്രണം

*തിരുവനന്തപുരം: ആരോഗ്യകരമായ ജീവിതശൈലി വളർത്തിയെടുക്കാൻ സൈക്ലിങ് എന്ന സന്ദേശവുമായി ശനിയാഴ്ച രാവിലെ ട്രിവാൻഡ്രം സൈക്ലത്തോൺ. ഇരുനൂറോളം സൈക്ലിസ്റ്റുകൾ പങ്കെടുക്കുന്ന സൈക്ലത്തോണിന് സൗകര്യമൊരുക്കാൻ രാവിലെ നഗരത്തിൽ സൈക്ലത്തോൺ നടക്കുന്ന ഭാഗത്ത് ഗതാഗത നിയന്ത്രണവും ഏർപ്പെടുത്തും. സംസ്ഥാനത്തെ ഏക കൂട്ട സൈക്കിളോട്ടമാണ് സിൽക്ക്എയർ ട്രിവാൻഡ്രം സൈക്ലത്തോൺ 2017.*

*വെള്ളയമ്പലം മാനവീയം വീഥിയിൽ രാവിലെ 5ന് ഫ്ളാഗ് ഓഫ് ചെയ്ത് വെള്ളയമ്പലം-കവടിയാർ-പട്ടം-പിഎംജി-വെള്ളയമ്പലം സർക്യൂട്ടാണ് സൈക്ലിങ്ങിനായി നിശ്ചയിച്ചിട്ടുള്ളത്. മാനവീയം വീഥിയിൽ തന്നെയാണ് ഫിനിഷിങ്ങും. ഈ പാതയിൽ രാവിലെ 5 മുതൽ 8.30 വരെ വലതുഭാഗത്തു മാത്രമായി മറ്റുവാഹനങ്ങളെ അനുവദിക്കും. സ്പോർട്സ് യുവജനകാര്യ ഡയറക്ടർ ശ്രീ സഞ്ജയൻ കുമാർ ഫ്ളാഗ് ഓഫ് ചെയ്യും. സമാപനച്ചടങ്ങിൽ മേയർ അഡ്വ ശ്രീ വി കെ പ്രശാന്ത് മുഖ്യാതിഥിയായിരിക്കും.*

*അന്തരീക്ഷമലിനീകരണം കുറയ്ക്കാനും നഗരത്തെ കൂടുതൽ ആരോഗ്യപ്രദമാക്കാനും ലക്ഷ്യമിട്ട് സൈക്കിൾ സവാരി പ്രോത്സാഹിപ്പിക്കുന്നതിനാണ് സൈക്ലത്തോൺ സംഘടിപ്പിക്കുന്നത്. സിൽക്ക്എയറിന്റെ സഹായത്തോടെ സ്റ്റാർക്ക് കമ്മ്യൂണിക്കേഷൻസാണ് സൈക്ലത്തോൺ സംഘടിപ്പിക്കുന്നത്. നഗരത്തിലെ പ്രധാന സൈക്ലിങ് ക്ലബുകളായ ഇൻഡസ് സൈക്ലിങ് എംബസി, ട്രിവാൻഡ്രം ബൈക്കേഴ്സ് ക്ലബ് എന്നിവയുമായി സഹകരിച്ചു നടത്തുന്ന പരിപാടിയിൽ ബർഗാമോ ബൈസിക്കിൾസ്, മാസ്റ്റർ കാർഡ് എന്നിവ പാർട്ണർമാരാണ്.*

*കുട്ടികൾക്കുള്ള 2.5 കി.മീ. സ്റ്റാർക്ക് കിഡ്സ് ഫൺ റൈഡ്, 40 കിലോമീറ്റർ ചാംപ്യൻസ് റൈഡ്, 14 കിലോമീറ്റർ നീളുന്ന ട്രിവാൻഡ്രം ഫിറ്റ്നസ് റൈഡ് എന്നിങ്ങനെ വിവിധ ഇനങ്ങളിലാണ് മത്സരങ്ങൾ. രണ്ടു മണിക്കൂർ കൊണ്ടു ഫിനിഷ് ചെയ്യേണ്ട ചാംപ്യൻസ് റൈഡിന് അര ലക്ഷം രൂപയാണ് ആദ്യ മൂന്നു സ്ഥാനക്കാർക്ക് ആകെ സമ്മാനം. ഫിറ്റ്നസ് റൈഡിൽ ജേതാൾക്ക് ട്രോഫികളും നിശ്ചിത സമയത്തിനുള്ളിൽ ഫിനിഷ് ചെയ്യുന്ന എല്ലാവർക്കും മെഡലുകളും പങ്കെടുക്കുന്നവർക്ക് സർട്ടിഫിക്കറ്റുകളും ലഭിക്കും.*

*സിൽക്ക് എയർ ട്രിവാൻഡ്രം സൈക്ലത്തോൺ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ* **www.trivandrumcyclathon.in** *എന്ന വെബ്സൈറ്റിലും* +91 9946669958 *എന്ന ഫോൺ നമ്പറിലും ലഭിക്കും.*